# വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

## ലേലപരസ്യം

**വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-24-7044 നമ്പർ ബൊലേറോ ജീപ്പ് 08.11.2017 ാം തീയതി 11 മണിക്ക് വെട്ടിക്കവല പഞ്ചായത്ത് ഓഫീസിൽ വച്ച് ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുള്ള ലേല നിബന്ധനകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്യുന്നു.**

**ജീപ്പിന്റെ മൂല്യം – 190000/- രൂപ**

**നിരദ്രവ്യം- 10000/- രൂപ**

**<u>ലേല നിബന്ധനകൾ</u>**

- ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ തിരിച്ചറിയൽ രേഖ (വോട്ടർ ഐഡികാർഡ്, ആധാർകാർഡ് എന്നിവയുടെ പകർപ്പുകളും) നിരദ്രവ്യം പഞ്ചായത്തിൽ ഒടുക്കിയ രസീതും അപേക്ഷയോടൊപ്പം സമർപ്പിക്കണം. ആവശ്യപ്പെടുന്ന പക്ഷം മറ്റ് തിരിച്ചറിയൽ രേഖകളും ഹാജരാക്കേണ്ടതാണ്. നിരതദ്രവ്യം 08/11/2017 10:30 A.M ന് മുമ്പായി ഒടുക്കേണ്ടതാണ്.
- പഞ്ചായത്തിൽ ഏതെങ്കിലും വിധത്തിലുള്ള കുടിശ്ശിഖ വരുത്തിയിട്ടുള്ളവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
- ലേലം ചെയ്യുന്ന ഉദ്യോഗസ്ഥന് ഏതൊരാളെയും ന്യായമായ കാരണത്തിന്മേൽ ലേലത്തിൽ പങ്കെടുപ്പിക്കാതിരിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.
- ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് 200 രൂപയുടെ മുദ്രപത്രത്തിൽ സ്വന്തം ചെലവിൽ സെക്രട്ടറി നിർദ്ദേശിക്കുന്ന വിധത്തിൽ കരാറെഴുതി പഞ്ചായത്ത് ആഫീസിൽ സമർപ്പിക്കേണ്ടതാണ്. വീഴ്ച വരുത്തുന്നവരുടെ ലേലാവകാശം റദ്ദാക്കുന്നതും ഡെപ്പോസിറ്റ് തുക, ലേല തുക എന്നിവ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടി പുനർലേലം നടത്തുന്നതുമാണ്.
- ലേലം കൊള്ളുന്നവർ ലേലം കഴിഞ്ഞാൽ തുക ഒന്നായി അന്നേ ദിവസം 3 മണിക്ക് മുമ്പായി ഒടുക്കേണ്ടതാണ്. .
- പഞ്ചായത്ത് കമ്മറ്റിയുടെ ലേലം സംബന്ധിച്ച തീരുമനത്തിന് ശേഷം മാത്രമേ നിരതദ്രവ്യം മടക്കി നൽകുകയുള്ളൂ. എന്നാൽ ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്നവരുടെ നിരതദ്രവ്യം ലേലകാലാവധിയ്ക്ക് ശേഷം മാത്രമേ മടക്കി നൽകുകയുള്ളൂ.

- ലേലം സംബന്ധിച്ച് ഉണ്ടാകുന്ന തർക്കങ്ങളിൽ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.
- പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നിലവിലുള്ള എല്ലാ ചട്ടങ്ങളും, കാലാകാലങ്ങളിലുള്ള സർക്കാർ നിർദേശങ്ങളും ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം മാറ്റി വയ്ക്കാനോ ഇടയ്ക്ക് വെച്ച് നിർത്തുന്നതിനോ, അസാധുവാക്കുന്നതിനോ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കും.
- കൂടുതൽ വിവരങ്ങൾ പഞ്ചായത്ത് ആഫീസിലോ www.lsg.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നോ അറിയാവുന്നതാണ്.
- മേൽപ്പറഞ്ഞ നിബന്ധനകൾ ലംഘിക്കുന്ന പക്ഷം ലേലം റദ്ദ് ചെയ്യുന്നതും പുനർലേലം നടത്തുന്നതുൾപ്പെടെയുള്ള ചെലവുകൾ ലേലംകൊണ്ട വ്യക്തികളിൽ നിന്നും ഈടാക്കുന്നതുമാണ്.
- ലേല ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത ദിവസം ലേലം നടത്തുന്നതാണ്.
- ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി ലേലം അംഗീകരിക്കുന്നതാണ്
- ജീപ്പിന്റെ ഓണർഷിപ്പ് മാറ്റിയതിന് ശേഷമേ ജീപ്പ് കൈമാറുകയുള്ളു.

വെട്ടിക്കവല (ഒപ്പ്)

01/11/2017 സെക്രട്ടറി, വെട്ടിക്കവല ഗ്രാമ പഞ്ചായത്ത്